**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഓണവിപണിയിലെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഓണവിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയ്ക്കുമായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2025 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 4 -ാം തീയതി വരെ തുടർച്ചയായി 10 ദിവസങ്ങളിൽ സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, ജില്ലാ കൺസ്യൂമർ സഹകരണ സ്റ്റോറുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പിന്നാക്ക മേഖലയിൽ പ്രവർത്തിക്കുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ, പ്രത്യേക വിപണന കേന്ദ്രങ്ങൾ എന്നിവ വഴി താല്ക്കാലിക വിപണികൾ സംഘടിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുവദിക്കുന്ന സബ്സിഡി നിരക്കിൽ വിപണനം നടത്തുന്നതിന് അനുമതി നൽകിയിരുന്നു. ഇതിനായി മുൻകൂറായി 20 കോടി രൂപ കൺസ്യൂമർഫെഡിന് അനുവദിച്ചു നൽകിയിരുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര സഹകരണചന്തകൾ പ്രവർത്തിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | 1746 ഓണം വിപണികൾ പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ